# വിഭജിക്കപ്പെടുന്നജീവിതങ്ങളുടെനടുവിൽ ഉത്ഥിതൻ നില്പുണ്ട് (Lk:24:13-27)

ഫാ.ജോസഫ് ആലഞ്ചേരി

**ഞാൻ** ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാറ്റിനെയും ഞാൻ എന്റെ പക്കലേക്ക് ആകർഷിക്കും'' (യോഹ. 12:13). ജറൂസലേം താഴ്‌വാരങ്ങളിൽ അഗ്നിപടർത്തിയ ആരാധ്യമായ ആ വാക്കുകളുടെ ഓർമ്മയിൽ സെപ്റ്റംബർ 14–ാം തീയതി കുരിശിന്റെ പുകഴ്ചയുടെ തിരുനാളായി ആചരിച്ചുവരുന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ദർശനവും 313 ലെ പ്രസിദ്ധമായ മിലാൻ വിളംബരവും ഹെലേനരാജ്ഞി കുരിശ് കണ്ടെത്തിയതുമൊക്കെയായി ഈ തിരുനാൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. എ.ഡി. 630 മുതലാണ് സാർവ്വത്രികസഭയിലാകമാനം ഈ തിരുനാൾ കൊണ്ടാടാൻ തുടങ്ങിയത്. അതിനാൽ കുരിശിന്റെ മഹത്ത്വത്തെയും അതിന്റെ ദൈവശാസ്ത്രപരമായ പഴയനിയമപശ്ചാത്തലത്തെയും സൂചിപ്പിക്കുന്ന വായനകളാണ് സ്ലീവാ ഒന്നാം ഞായറാഴ്ചത്തെ ധ്യാനവിഷയം. സർപ്പദംശനമേറ്റവരുടെ നന്മയ്ക്കായി വലിയ പ്രവാചകനായ മോശ ഉയർത്തിയ പിച്ചളസർപ്പം–നെഹുഷ്താനെക്കുറിച്ച് സംഖ്യ 21–ാം അധ്യായം പറയുന്നു. കാലാതീതമായി ഉയർന്നുനിൽക്കേണ്ട വി. കുരിശിലേക്കാണ് അതിന്റെ സൂചനകൾ എത്തിനിൽക്കുന്നത്. ദൈവത്തിന്റെ ശാശ്വതമായ വിജയത്തെക്കുറിച്ചാണ് ഏശയ്യാ പറയുന്നത്. കുരിശിന്റെ മഹത്ത്വത്തെക്കുറിച്ച് തീക്ഷ്ണതയോടെ പറയുന്ന പൗലോസ് ശ്ലീഹായെയാണ് 1 കൊറി.1:18 മുതലുള്ളവാക്യത്തിൽ കാണുന്നത്.

ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെക്കുറിച്ച് തർക്കിച്ചപ്പോൾ ശിഷ്യന്മാരെ സഹനങ്ങൾ രക്ഷണീയമായി മാറുമെന്നു പഠിപ്പിക്കുന്ന ഈശോയെയാണ് അനുഭവത്തിൽ നാം കാണുന്നത്. 'ആ ദിവസം തന്നെ അവരിൽ രണ്ടുപേർ ജെറുസലേമിൽനിന്ന് ഏകദേശം അറുപത് സ്താദിയോൺ അകലെയുള്ള എമ്മാവൂസ് ഗ്രാമത്തിലേക്കു പോവുകയായിരുന്നു.' എന്നു പറഞ്ഞാണ് സുവിശേഷഭാഗം ആരംഭിക്കുന്നത്. 'ആ ദിവസം' ഈശോ ഉയിർത്തെഴുന്നേറ്റ മൂന്നാം ദിവസം തന്നെയാണ്. 'ഇതൊക്കെ നടന്നിട്ട് ഇതു മൂന്നാം ദിവസമാണ്' എന്ന് അവർ തന്നെ പറയുന്നുണ്ട്. ആ ദിവസം നടന്ന സംഭവങ്ങളും അവർക്കറിയാം. കല്ലറ ശൂന്യമായിരിക്കുന്നതും സ്ത്രീകൾക്കു ദർശനമുണ്ടായതുമൊക്കെ അവർ അറിഞ്ഞിരുന്നു.

എങ്കിലും അതൊക്കെ കെട്ടുകഥ പോലെയേ അവർക്കു തോന്നിയുള്ളൂ. എന്നാൽ 'മൂന്നാംദിവസം' എന്ന ചിന്ത അവരുടെ ഓർമ്മയിൽനിന്നു മാറുന്നില്ല. സംസ്കരിക്കപ്പെട്ടയാൾ ഇനി എങ്ങനെ... അത് അസംഭവ്യമാണെന്നറിയാമെങ്കിലും അവസാനത്തെ ആശയും കെട്ടുപോവുകയാണോ എന്ന ആകുലതയിൽ അവരുടെ അസ്വസ്ഥതയെ മുഴുവൻ പ്രതിഫലിപ്പിച്ച് കാണുന്നവരോടെല്ലാം ഇതു മൂന്നാംദിവസമാണ് എന്ന് അവർ പറഞ്ഞുകൊണ്ടിരിക്കുന്നു. അവരുടെ അവസാനത്ത ആശയുടെ അടിസ്ഥാനം 'ഞാൻ മൂന്നാം നാൾ ഉയിർക്കും' (ലൂക്കാ 9:22) എന്ന അവന്റെ വാക്കുകളാണ്. എങ്കിലും നമുക്കു മനസ്സിലാകാത്തത് ഇത്രയൊക്കെ സംഭവിച്ചിട്ടും എന്തുകൊണ്ടാണ് അവർ ജറൂസലേമിൽ നിന്ന് 10 കി.മീ. അകലേക്കു പോകുന്നതെന്നാണ്? മനുഷ്യന്റെ കാര്യം ഇങ്ങനെയാണ്. എന്തെല്ലാം അദ്ഭുതങ്ങൾ നമ്മുടെ മുമ്പിൽ നടന്നാലും അവയെ മനസ്സിലേറ്റാനും അനുഭവമാക്കാനും നാം മുതിരില്ല. കണ്ണുകളുടെ ആകാംക്ഷ തീരുന്ന മുറയ്ക്ക് നാം നമ്മുടെ സ്വന്തം പ്രവർത്തനങ്ങളിലേക്കു പിന്തിരിയും. തിരുവോസ്തിയിൽ ഈശോയുടെ മുഖം പതിഞ്ഞു എന്ന വാർത്ത പരക്കുന്നു. വാടകയ്ക്കു വണ്ടി പിടിച്ച് നാം ആ കാഴ്ച കാണാൻ പോകുന്നു. 'അച്ചോ, ഭയങ്കരം' എന്നു പറഞ്ഞ് വാചാലമാകുന്നു. പിന്നെ? സാവധാനം നമ്മുടെ സ്വന്തം അല്പത്തരങ്ങളിലേക്കു നാം പിൻവാങ്ങുന്നു. എന്നാൽ നടന്ന സംഭവങ്ങളെക്കുറിച്ച് അവർ തർക്കിക്കുകയും വാദിക്കുകയും ചെയ്യുന്നുണ്ട്. തർക്കംകൊണ്ടും വാദംകൊണ്ടും യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല. കാരണം 'അവർ മ്ലാനവദനരായിരുന്നു'. ജീവിതത്തിലുണ്ടാകുന്ന പീഡാസഹനങ്ങളെയും കുരിശുകളെയും നമ്മുടെ ബുദ്ധിയും ലോജിക്കുംകൊണ്ട് വ്യാഖ്യാനിച്ചുകളയാം എന്നു കരുതുന്ന എല്ലാ മനുഷ്യരുടെയും മുൻഗാമികളാണ് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർ. ക്രിസ്തുവിനെ ചേർക്കാതെയുള്ള എല്ലാ വ്യാഖ്യാനങ്ങളും പ്രയോജനരഹിതമെന്ന് ഈ സുവിശേഷഭാഗം പറയുന്നു. ദൈവത്തെ കേന്ദ്രമാക്കിയുള്ള ചരിത്രവും ദൈവമില്ലാത്ത ചരിത്രവുമുണ്ടല്ലോ. നെല്ലും പതിരും പോലെ ഇതിന്റെ വ്യത്യാസം നാം അറിയുന്നു. ഇതുപോലെയാണ് മനുഷ്യജീവിതവും. നമ്മുടെ ജീവിതസംഭവങ്ങളെ ക്രിസ്തുവിനെ ചേർത്ത് നാം വ്യാഖ്യാനിക്കാത്തതുകൊണ്ടാണ് അസ്വസ്ഥതകളും കൂട്ടആത്മഹത്യകളും ഉണ്ടാകുന്നത്. അവരുടെകൂടെ ഈശോ നടന്നപ്പോൾ അവരുടെ കാഴ്ചപ്പാടുതന്നെ മാറിപ്പോയി. അവരുടെ മുഖത്തെ മ്ലാനത മാറിയതിനാലാണ് 'നീ ഞങ്ങളുടെകൂടെ നടക്കണം' എന്ന് അവർ വാശിപിടിച്ചത്. 'കർത്താവേ അങ്ങയെപ്പോലെ ഒരു സുഹൃത്താകാൻ എനിക്കു കൃപ തരണേ' എന്നു കൂടി നമുക്കു പ്രാർത്ഥിക്കാം. അസ്വസ്ഥമായ മനസ്സോടെ നമ്മുടെ മുമ്പിലെത്തുന്ന എത്രയോ പേരെയാണ് നാം കൂടുതൽ അസ്വസ്ഥരാക്കി തിരിച്ചയയ്ക്കുന്നത്? ഡിഗ്രിക്ക് അപേക്ഷ കൊടുത്തിട്ട് എന്തും കിട്ടാതെ കരയുന്ന മനസ്സോടെ ഒരമ്മയും മകളുമെത്തുന്നു. അവസാനത്തെ ഒരവസരം മാത്രം ബാക്കി. ആരെങ്കിലും

എന്തെങ്കിലും ദേഷ്യപ്പെട്ടു പറഞ്ഞാൽ അവർ കരയുമെന്ന് ഉറപ്പ്. ഭയം നിറഞ്ഞുനിൽക്കുന്ന ആ മുഖങ്ങളുടെ അടുത്തേക്ക് ഒരധ്യാപകൻ ചെന്നു. ''എന്തിനാ നിങ്ങൾ പേടിക്കുന്നത്? ധൈര്യമായിരിക്ക്.'' പറഞ്ഞുതീരുംമുമ്പ് അവർ കരഞ്ഞുപോയി. 'ദൈവമേ ക്രിസ്തുതുല്യമായ മനസ്സ് ഞങ്ങൾക്കു നല്കണേ' എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈശോയും ശിഷ്യന്മാരും നടന്ന വഴിയെക്കുറിച്ച് രണ്ടു തരം സൂചനകൾ ബൈബിൾ നൽകുന്നുണ്ട്. ശിഷ്യന്മാർ നടന്ന വഴിയെക്കുറിച്ച് 'on their way' എന്നാണ് ബൈബിൾ പറയുന്നത്. നമ്മുടെ തന്നിഷ്ടത്തിന്റെ വഴിയാണിത്. ധൂർത്തപുത്രൻ പോയത് 'അവന്റെ വഴിയേ'യാണ്. ദൈവത്തിന്റെ വഴിയാണ് നാം നടക്കേണ്ട യഥാർത്ഥ വഴി. അതുകൊണ്ട് ഈശോ നടന്ന വഴിയേ 'on the way' എന്നാണ് ബൈബിൾ വിളിക്കുന്നത്. 'വഴിയും സത്യവും ജീവനും ഞാനാണ്' എന്നു പറഞ്ഞതൊന്നും ശിഷ്യന്മാർക്കു മനസ്സിലായില്ല. സ്വന്തം വഴിയേ നടന്ന തന്റെ പ്രിയ ശിഷ്യരെ യഥാർത്ഥ സുഹൃത്തായി കൂടെ നടന്ന് ക്രിസ്തു തന്റെ യഥാർത്ഥമായ വഴിയിലൂടെ നടത്തുന്ന മനോഹരമായ സംഭവമാണ് എമ്മാവൂസ് അനുഭവം. അതിനാൽ നാം ഇപ്പോൾ ഇങ്ങനെ വായിക്കുന്നു. ''അവർ അപ്പോൾ ത്തന്നെ എഴുന്നേറ്റ് ജറൂസലേമിലേക്കുതിരിച്ചുപോയി.''

ശിഷ്യന്മാർ ഈശോയെ തിരിച്ചറിഞ്ഞ നിമിഷത്തെക്കുറിച്ച് നാം ധ്യാനിക്കണം 'അവൻ അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ചു കൊടുത്തപ്പോൾ' എന്നാണ് സുവിശേഷകൻ പറയുന്നത്. അക്ഷരാർത്ഥത്തിൽ ശിഷ്യന്മാർ ഞെട്ടിപ്പോയി. സെഹിയോൻ ഊട്ടുശാലയിൽ ഉള്ളുപൊള്ളുന്ന വേദനയോടുകൂടി ഇരുന്നത് അവർ ഓർത്തു. ''ഇതു നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു'' എന്നു പറഞ്ഞപ്പോൾ അനുഭവിച്ച മാനസികവ്യഥ മരണത്തോളം മറക്കാനാവാത്തതായിരുന്നു. ഇപ്പോൾ ഇതാ... ഉള്ളിൽ ചാരംമൂടിക്കിടക്കുന്ന ആ കനൽക്കൊള്ളി തീവ്രമായി കത്തിജ്വലിച്ചു. മനസ്സിൽ 'തീക്കട്ട' (വി. കുർബാന) വച്ചിരിക്കുന്നവരെപ്പോലെ അവർ ഓടി. മനുഷ്യരാശിയുടെ നെഞ്ചകത്ത് ക്രിസ്തു ചാർത്തിയ വിഭജിക്കപ്പെടലിന്റെ മുദ്ര! അവിടുന്ന് പറയുന്നു: ''മറ്റുള്ളവർക്കായി പകുത്തുനൽകപ്പെടുന്ന എല്ലാ ജീവിതങ്ങളുടെ നടുവിലും ഞാൻ ഉയിർത്തെഴുന്നേറ്റു നില്പുണ്ട്.''

# തിരിയുക വീണ്ടും പാപത്തിൽ നിന്നു ദൈവത്തിലേക്ക് (Mt.4:12-17)

ഡോ.ജോസഫ് തടത്തിൽ

**ത**ന്റെ ദൗത്യമാരംഭിക്കാൻ ഈശോ തിരഞ്ഞെടുത്തത് യഹൂദമതത്തിന്റെ കേന്ദ്രമായ ജറൂസലേം അല്ല, പാലസ്തീനായുടെ വടക്കേയറ്റത്തുള്ള ഗലീലിയാണ്. ഉത്ഥാനശേഷം തന്റെ ശിഷ്യരെ ഈശോ ദൗത്യമേല്പിക്കുന്നതും ഇവിടെവച്ചാണ് (മത്താ.28:16). പാലസ്തീനായിലെ ഏറ്റവും ജനസാന്ദ്രതയുള്ളതും ഫലഭൂയിഷ്ഠവുമായ ഇവിടെ വി. മത്തായിയുടെ കാലത്തുണ്ടായിരുന്നവരിൽ പകുതിപ്പേരെങ്കിലും വിജാതീയരായിരുന്നു. വിജാതീയരുടെ ഗലീലി എന്നറിയപ്പെട്ടിരുന്ന സെബലൂൺ, നഫ്ത്താലി പ്രദേശങ്ങളിലെ പ്രവർത്തനം, അവിടുത്തെ ദൗത്യത്തിന്റെ സാർവ്വത്രികത വ്യക്തമാക്കാനായിരിക്കണം.ഒരുപക്ഷേ, പുതിയ ആശയങ്ങളോടും ആളുകളോടുമുള്ള ഗലീലിയരുടെ സ്വാഭാവികതുറവിയും ഈശോയെ ആകർഷിച്ചിട്ടുണ്ടാകാം. തുറവിക്കു കാരണങ്ങൾ പലതാകാം: ആഷേർ, നഫ്ത്താലി, സെബുലൂൺ എന്നീ ഇസ്രായേൽഗോത്രങ്ങൾക്കു നല്കപ്പെട്ട ഇവിടെ നിന്നും തദ്ദേശീയ കാനാന്യരെ പൂർണ്ണമായി ഒഴിവാക്കാൻ അവർക്കു സാധിച്ചില്ല. യഹൂദ–വിജാതീയ സംസർഗ്ഗത്തിന് ഇതു കാരണമായി. രണ്ടാമതായി, ഗലീലി വിജാതീയദേശങ്ങളാൽ ചുറ്റപ്പെട്ടതായിരുന്നു. ഗലീലിയിലൂടെ പ്രധാന റോഡുകളെല്ലാം കടന്നുപോയിരുന്നത് മറ്റൊരു കാരണമാകാം. ഒരു സംരക്ഷണവേലികൊണ്ട് യൂദയായ്ക്ക് എല്ലാ വൈദേശിക സ്വാധീനങ്ങളെയും അകറ്റിനിർത്താനാവുമായിരുന്നെങ്കിൽ, ഗലീലിക്ക് അതു സാധ്യമായിരുന്നില്ല. കൂടാതെ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ വിദേശാക്രമണ ത്തിനും അധിനിവേശത്തിനും അതുവഴി സ്വാധീനത്തിനും ഇവിടംവിധേയമായി.

ഗലീലിയിൽ സന്ദേശം പ്രഖ്യാപിച്ചുകൊണ്ട് ദൗത്യമാരംഭിച്ച ഈശോ അവിടെ നേരിട്ട് പ്രവർത്തനം നടത്തിയതാകട്ടെ യഹൂദരുടെ ഇടയിലാണ്. ശിഷ്യരെ അയയ്ക്കുന്നതും വിജാതീയരുടെ അടുത്തേക്കു പോകരുതെന്നും ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്കു പോകണമെന്നും (മത്താ.10:5,6)പറഞ്ഞാണ്. നഷ്ടപ്പെട്ടു പോയതിന്റെ കണ്ടെത്തലും ശിഥിലമായതിന്റെ പുനരുദ്ധാരണവും പുതിയവനേടുന്നതിനുമുമ്പ് നിർവ്വഹിക്കപ്പെടേണ്ടകാര്യ ങ്ങളാണല്ലോ. ഈശോ നസ്രത്തിൽനിന്ന് സെബുലൂണിന്റെയും നഫ്താലിയുടെയും അതിർത്തിയിൽ, എന്നാൽ നഫ്ത്താലിയുടെ തന്നെ ഭാഗമായ

കഫർണാമിൽ താമസമാക്കിയതിനെ ഏശയ്യായുടെ ഒരു പ്രവചന(9:1–2)ത്തിന്റെ പൂർത്തീകരണമായി സുവിശേഷകൻ വ്യാഖ്യാനസ്വാതന്ത്ര്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. വി. മത്തായി പഴയ ഗോത്രപ്പേരുകൾ ഇവിടെ ഉപയോഗിക്കുന്നത് മനഃപൂർവ്വമാകാനേ തരമുള്ളൂ. ഭരണസിരാകേന്ദ്രത്തോടു വളരെയടുത്ത് കേന്ദ്രഭാഗത്തു സ്ഥിതി ചെയ്യുന്നതിനാൽ നസ്രത്ത് ഒട്ടും സുരക്ഷിതമായി അവിടുത്തേക്കു തോന്നിയില്ല. മത തലസ്ഥാനമായ ജറൂസലേമോ മരുഭൂമിയോ എന്നതിനേക്കാൾ അപ്രതീക്ഷിതസ്ഥലംകണ്ടെത്തിയതിനെ ഈ ഗോത്രപ്പേരുകൾ ന്യായീകരിക്കുന്നു. അന്ധകാരത്തിൽ കഴിയുന്ന ജനം സൂചിപ്പിക്കുക, ഇവിടുത്തെ പീഡിതരായ ഇസ്രായേൽക്കാരെയാണ്. സെബുലൂൺ–നഫ്ത്താലി പ്രദേശത്തെ ജനം ആത്മീയമായി തിമിരം ബാധിച്ചവരെപ്പോലെ അന്ധകാരത്തിലായിരുന്നു. ഈശോയുടെ ഇവിടുത്തെ സാന്നിധ്യം അപ്രതിരോധ്യമായ നന്മയുടെ ആഗമനമായി അനുഭവപ്പെട്ടു. എത്രമാത്രം അന്ധകാരവും കൂരിരുട്ടും ഉണ്ടായിരുന്നാലും പ്രകാശത്തിന്റെ ആഗമനം എവിടെയും അന്ധകാരത്തിന്റെ അന്ത്യമാണ്.എന്നാൽപ്രകാശമുള്ളിടത്ത് അന്ധകാരത്തിനു പ്രവേശനസാധ്യതപോലുമില്ല. യഥാർത്ഥപ്രകാശവും (യോഹ. 8:12) ജീവനുമായ (യോഹ. 10:10) ഈശോയുടെ മുമ്പിൽ അന്ധകാരത്തിനോ മരണത്തിനോ നിലനില്പുണ്ടാ യാൽഅതുതന്നെഇടർച്ചയാണല്ലോ. ഈശോയുടെ പ്രസംഗത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് 'കെറുസെയിൻ' ആണ്. നേരിട്ട് രാജാവിൽനിന്നു വരുന്ന കാര്യങ്ങൾ രാജദൂതൻ അഥവാ 'കെറുക്സ്' പ്രഘോഷിക്കുന്നതിനെയാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. ഈ പ്രഘോഷണത്തിന് പല സവിശേഷതകളുമുണ്ട്. രാജദൂതന്റെ വാക്കിൽ ഉറപ്പ് പ്രതിഫലിക്കും. 'ചിലപ്പോൾ', 'മിക്കവാറും' തുടങ്ങിയ സന്ദേഹങ്ങൾക്ക് ഈ പ്രഘോഷണത്തിൽ സ്ഥാനമില്ല. കൂടാതെ, രാജദൂതന്റെ ശബ്ദത്തിൽ അധികാരം പ്രതിധ്വനിക്കും. അവൻ പ്രസംഗിക്കുന്നതും പ്രഘോഷിക്കുന്നതും രാജാവിനുവേണ്ടിയും രാജാവിന്റെതന്നെയും നിയമവുംകല്പനയും തീരുമാനവുമാണ്. അവന്റെസന്ദേശമാകട്ടെ, അവനുപരിയായ ഉറവിടത്തിൽനിന്നുമാണ് – രാജാവിൽനിന്നാണ്. പ്രഘോഷണം അതു നടത്തുന്നയാളിനെക്കാൾ ഉപരിയായ ഉറവിടത്തിൽനിന്നായിരിക്കും. ഈശോ മനുഷ്യരോടു സംസാരിച്ചത് പിതാവിൽനിന്നുള്ള കാര്യങ്ങളാണ്.ഈശോയുടെ പ്രസംഗത്തിന്റെ ഉള്ളടക്കം യോഹന്നാന്റേതുതന്നെ. അഥവാ ഈശോയുടെ സന്ദേശമാണ് അവിടുത്തെ മുന്നോടി പറഞ്ഞിരുന്നത്. ഈശോയുടെ സന്ദേശം ഒരു കല്പനയായിരുന്നു – അത്യാവശ്യമായിരുന്ന കല്പന. കാരണം ദൈവം ഭരിക്കാനാരംഭിക്കുകയാണ്. ആ ഭരണം, നിത്യത സമയത്തെ കീഴടക്കുകയാണ്. അതിനാൽ മനുഷ്യൻ നിത്യമായത് അഥവാ സത്യമായത് കണ്ടെത്തണം.ഗ്രീക്കിൽ പശ്ചാത്താപം സൂചിപ്പിക്കുന്ന ''മെത്താനോയിൻ'' മനസ്സിന്റെ ഒരു മാറ്റം അഥവാ അന്തരം സൂചിപ്പിക്കുന്നു.

പാപത്തിൽനിന്നു ദൈവത്തിലേക്ക് മനുഷ്യൻ വീണ്ടും തിരിയണം. ദൈവത്തിൽനിന്നകലുന്നതു നിർത്തി ദൈവത്തിലേക്കു അടുക്കണം സ്വന്തം വഴികളിൽനിന്നു ദൈവത്തിലേക്കുതിരിയുക.

ദൃഷ്ടികൾഉയർത്തി സ്വർഗ്ഗോന്മുഖമാക്കുക ബഹുമാനംകൊണ്ട് ദൈവത്തിന്റെ പേരു പറയാതെ സമാന്തരസുവിശേഷങ്ങൾ പൊതുവിൽ ചെയ്യുന്നതുപോലെ വി. മത്തായിയും 'ദൈവരാജ്യം','സ്വർഗ്ഗരാജ്യം' എന്നീ പ്രയോഗങ്ങൾ നടത്തുന്നു. ഭൂമിയിലല്ല, സ്വർഗ്ഗത്തിൽ മാത്രമേ രാജ്യമുള്ളൂ എന്ന തെറ്റിദ്ധാരണഅതുവഴിഉളവാകാം.

ഈശോയുടെ സന്ദേശത്തിന്റെ കേന്ദ്രമാണ് ദൈവ (സ്വർഗ്ഗ) രാജ്യം അടുത്തെത്തിയിരിക്കുന്നു എന്ന പ്രഖ്യാപനം. ഉത്ഥാനത്തോടൊപ്പം ഇതു ക്രിസ്തീയ പ്രത്യാശയുടെ അടിത്തറയും ലക്ഷ്യവുമാണ്. സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും (മത്താ. 6:33; റോമ. 14:17) നീതിയും സമാധാനവും സ്ഥാപിക്കുന്ന, ദൈവത്തിന്റെ പരമാധികാരനിർവ്വഹണവും ഈ നിർവ്വഹണത്തിലൂടെയുള്ള മനുഷ്യവർഗ്ഗത്തിന്റെ പരമരക്ഷയും അവിടുത്തെ രാജ്യം അർത്ഥമാക്കുന്നു. ദാനിയേലിന്റെ നിശാദർശനം (ദാനി.7:13–14)ഈ ചിന്തയ്ക്ക് അടിവരയിടുന്നുണ്ട്.7:13 ലെ 'മനുഷ്യപുത്രനെപ്പോലെ ഒരുവൻ'മഹത്ത്വത്തോടെ വീണ്ടും വരുന്ന ഈശോയാണ്. പരമരക്ഷകനായ ഈശോയിലുള്ള വിശ്വാസം ഉൾപ്പെടുന്നതാണ് ക്രൈസ്തവനു പ്രത്യാശയുടെ രാജ്യം. രക്ഷകനായ ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ രാജ്യത്തിന്റെ മുന്നാസ്വാദനം നമുക്കു ലഭിച്ചു- അവിടുത്തെ പ്രവൃത്തികളിലൂടെയും സാന്നിധ്യത്തിലൂടെയും.